# നീര കേക്ക് വിപണിയിൽ

കൊച്ചി: കോതമംഗലത്തെ തിരുകൊച്ചി നാളികേര ഉല്പാദക കമ്പനിയുടെ കീഴിലെ കർഷക ഫെഡറേഷൻ നിർമിക്കുന്ന നീര കേക്ക് വിപണിയിലെത്തി. ജില്ലയിൽ നീര ഉല്പാദനം തുടങ്ങാൻ ലൈസൻസ് ലഭിച്ച ഏക നാളികേര ഫെഡറേഷനായ കോതമംഗലം ഫെഡറേഷനാണ് മൂവാറ്റുപുഴയിലെ ഇന്ത്യൻ ബേക്കറി വഴി നീര കേക്ക് നിർമിക്കുന്നത്. വിതരണ ഉദ്ഘാടനം മുഖ്യ നാളികേര വികസന ഓഫീസർ സുഗതഘോഷ് നിർവഹിച്ചു. ജോസഫ് ബാബു ചെയർമാനായ തിരുകൊച്ചി കമ്പനി നീരയുടെ മറ്റ് മൂല്യ വർദ്ധിത ഉല്പന്നങ്ങളായ നീര ഹണി, ശർക്കര, മിഠായി, പാനി തുടങ്ങിയവയും വിപണിയിൽ എത്തിക്കുന്നുണ്ട്.

ക്രിസ്മസ് പ്രമാണിച്ച് നീര കേക്ക് വലിയ തോതിൽ കമ്പനി ഉല്പാദിപ്പിക്കാനൊരുങ്ങുകയാണ്. മുൻകൂട്ടി ബുക്കിംഗിനും സൗകര്യമുണ്ട്. ഫോൺ: 9946901511, 9447006537.